# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *357 **31.01.2014**- ലെ മറുപടിക്ക്

**ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് ധനസഹായം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :**<br>**ശ്രീ. ബെന്നി ബെഹനാൻ :**<br>**ശ്രീ. എം.പി.വിൻസെന്റ് :**<br>**ശ്രീ. വി.ഡി. സതീശൻ :** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) രൂപം നൽകിയിട്ടുണ്ട്. ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന വിപുലമായ ശൃംഖലയുള്ളതും നല്ല നിലയിൽ പ്രവർത്തിക്കുന്നതുമായ സഹകരണ സ്ഥാപനങ്ങളിൽ കൂടി ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ആയുർവേദം, കൈത്തറി, കയർ, മറ്റ് ചെറുകിട വ്യവസായ അനുബന്ധമേഖലകൾ എന്നിവയെ സഹകരണ വിനോദ സഞ്ചാരം മുഖേന പ്രോത്സാഹിപ്പിക്കുന്നു. ആയതിനായി സഹകരണ സ്ഥാപനങ്ങളിൽ കൂടി വിനോദ സഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന പദ്ധതി പ്രകാരവും എൻ.സി.ഡി.സി പദ്ധതി പ്രകാരവും ധനസഹായം നൽകി വരുന്നു. സംസ്ഥാന പദ്ധതി പ്രകാരം ഓഹരി, സബ്സിഡി ഇനത്തിലായി 1:2 അനുപാതത്തിൽ ധനസഹായം അനുവദിക്കുന്നുണ്ട്. ടൂറിസം വികസനത്തിനായി ടൂറിസം സഹകരണ സംഘങ്ങൾക്ക് പലവക വിഭാഗത്തിൽ ഉൾപ്പെടുത്തി 2,00,000/- രൂപ വീതം ഓഹരി മൂലധന സഹായവും നൽകി വരുന്നു.<br><br>NCDC പദ്ധതി പ്രകാരം പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഹരി മൂലധന സഹായവും വായ്പയും നൽകി വരുന്നു. വാഹനം വാങ്ങുന്നതിനും ഹോട്ടലുകൾ, ഗസ്റ്റ് ഹൗസ്, റസ്റ്റോറന്റുകൾ, കാന്റീനുകൾ, റസ്റ്റ് റൂമുകൾ, ഇക്കോ ഫ്രണ്ട്‌ലി പാർക്കുകൾ എന്നിവ നിർമ്മിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായാണ് എൻ.സി.ഡി.സി പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നത്. |

ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെ യാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ടൂറിസം രംഗത്ത് പല നൂതന പദ്ധതികളും ടൂറിസം സഹകരണ സംഘങ്ങളും, ടൂർഫെഡും നടപ്പിലാക്കുവാനുദ്ദേശിക്കുന്നുണ്ട്.

ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി സഹകരണ സംഘങ്ങൾക്ക് സംഘങ്ങളുടെ പ്രവർത്തന പരിധിക്കകത്ത് ടൂറിസം പ്രോജക്ട് തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ, സ്റ്റഡി സെന്ററുകൾ, ടൂർ പാക്കേജുകൾ എന്നിവ ചെയ്യുന്നതിനായി സംസ്ഥാന പദ്ധതി പ്രകാരം ഓഹരി, സബ്സിഡി ഇനത്തിലായി 1:2 അനുപാതത്തിൽ ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും തീർത്ഥാടന കേന്ദ്രങ്ങളിലും എൻ.സി.ഡി.സി സഹായത്തോടുകൂടി വിനോദ സഞ്ചാര പ്രാധാന്യമുള്ള മേഖലകളിൽ സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഗസ്റ്റ് ഹൗസുകൾ അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

NCDC പദ്ധതി പ്രകാരം സംഘം സമർപ്പിക്കുന്ന അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടൂറിസം വികസനം ഏറ്റെടുത്ത് നടത്തുന്ന എല്ലാ സഹകരണ സംഘങ്ങൾക്കും ഓഹരി മൂലധനസഹായവും വായ്പയും നൽകി വരുന്നു.

സി) ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ ആരംഭിക്കുന്നതിനും, ഗസ്റ്റ് ഹൗസുകൾ, റിസോർട്ടുകൾ എന്നിവ നിർമ്മിക്കുന്നതിനും, വാഹനങ്ങൾ വാങ്ങുന്നതിനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ ആരംഭിക്കുന്നതിനും, ഗസ്റ്റ് ഹൗസുകൾ റിസോർട്ടുകൾ എന്നിവ നിർമ്മിക്കുന്നതിനും, വാഹനങ്ങൾ വാങ്ങുന്നതിനും, NCDC പദ്ധതി പ്രകാരം, സംഘം സമർപ്പിക്കുന്ന അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഹരി മൂലധനസഹായം, വായ്പ എന്നിവ നൽകി വരുന്നു. സംഘം പുരോഗതി കൈവരിക്കുന്ന മുറയ്ക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കഴിയുന്നതാണ്, ടൂർഫെഡ് ആദ്യമായി കേരളത്തിൽ ഒരു ഓൺലൈൻ ഹോളിഡേ പോർട്ടൽ ആരംഭിക്കുന്നതിന് ശ്രമമാരംഭിച്ചിട്ടുണ്ട്. കൂടാതെ ഓൺലൈൻ ജോബ് സെന്ററും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രധാന വീഥികളിൽ

വിശ്രമകേന്ദ്രങ്ങൾ ഒരുക്കുന്ന പദ്ധതി, ഇവന്റ് മാനേജ്മെന്റ് പദ്ധതി, കേരളത്തിന്റെ കൂടുതൽ തിരക്കുള്ള ഭാഗങ്ങളിലും ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഹൈജീനിക് കോഫി സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും ടൂർഫെഡിനുണ്ട്. ഇന്ത്യയിലെ പ്രധാന ട്രാവൽ ആന്റ് ടൂറിസം ഫെയറുകളിൽ പങ്കെടുത്ത് മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള സഞ്ചാരികളെ ആകർഷിക്കുന്നതരത്തിലുള്ള ടൂർ പാക്കേജുകൾ, ഗ്രാമീണ ടൂറിസം ക്ലബുകൾ എന്നിവ രൂപീകരിക്കുവാൻ ടൂർഫെഡ് ഉദ്ദേശിക്കുന്നുണ്ട്.

| | |
|---|---|
| ഡി) ധനസഹായങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം? | ഡി) ടൂറിസം വികസനം ഏറ്റെടുത്ത് നടത്തുന്ന സഹകരണ സംഘങ്ങൾക്കായി സംസ്ഥാന പദ്ധതി പ്രകാരവും എൻ.സി.ഡി.സി പദ്ധതി പ്രകാരവും ധനസഹായം നൽകി വരുന്നു. സംസ്ഥാന പദ്ധതി പ്രകാരം ഓഹരി, സബ്സിഡി ഇനത്തിലായി 1:2 അനുപാതത്തിൽ ധനസഹായം അനുവദിക്കുന്നുണ്ട്. ആയതിനായി 2013-2014 സാമ്പത്തിക വർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ടൂറിസം വികസനത്തിനായി ടൂറിസം സഹകരണ സംഘങ്ങൾക്ക് പലവക വിഭാഗത്തിൽ ഉൾപ്പെടുത്തി 2,00,000/- രൂപ വീതം ഓഹരി മൂലധന സഹായവും നൽകി വരുന്നു. NCDC പദ്ധതി പ്രകാരം, സംഘം സമർപ്പിക്കുന്ന അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഹരി മൂലധന സഹായം, വായ്പ എന്നിവ നൽകി വരുന്നു. വാഹനം വാങ്ങുന്നതിനും ഹോട്ടലുകൾ, ഗസ്റ്റ്ഹൗസ്, റസ്റ്റോറന്റുകൾ, കാന്റീനുകൾ, റസ്റ്റ് റൂമുകൾ, എക്കോ ഫ്രണ്ടിലി പാർക്കുകൾ എന്നിവ നിർമ്മിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായാണ് എൻ.സി.ഡി.സി പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നത്. |

**സെക്ഷൻ ഓഫീസർ**